പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T. 2290 23.01.2014 ൽ മറുപടിക്ക്

## ട്രെയിൻ യാത്രയ്ക്കിടെ കല്ലേറിൽ പരിക്കേറ്റ പ്രീതാമോൾക്ക് റെയിൽവേയിൽ ജോലി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത്ത്: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | ട്രെയിൻ യാത്രയ്ക്കിടയിൽ തൃശ്ശൂർ ഭാഗത്ത് വച്ച് കല്ലേറിൽ പരിക്കേറ്റ കല്ലറ പഞ്ചായത്തിലുള്ള പ്രീതാമോൾക്ക് റെയിൽവേയിൽ ജോലി ലഭിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര റയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ; | (എ) | നിലവിലെ റയിൽവേ നിയമത്തിൽ ഇത്തരം കേസുകളിൽ റയിൽവേയിൽ ജോലി നല്കാൻ വ്യവസ്ഥയില്ല. എന്നാൽ റയിൽവേ ക്ലെയിം ട്രൈബ്യൂണലിൽ അപേക്ഷ നല്കിയാൽ കോടതി വിധിക്കനുസൃതമായി അഞ്ച് ലക്ഷം രൂപ വരെ നഷ്ടപരിഹാരം റയിൽവേയിൽ നിന്നും ലഭിക്കും. |
| (ബി) | പ്രീതാമോൾക്ക് സഹായം അനുവദിയ്ക്കണമെന്ന് എം. എൽ. എ മുഖേന നൽകിയ അപേക്ഷയിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | കുമാരി പ്രീതാമോൾക്ക് സംസ്ഥാന സർക്കാർ 2 ലക്ഷം രൂപ ധനസഹായം അനുവദിക്കുകയും കൂടാതെ ചികിത്സാചിലവ് സർക്കാർ വഹിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. റയിൽവേയിൽ അപേക്ഷയൊന്നും ലഭിച്ചിട്ടില്ല എന്ന് തിരുവനന്തപുരം റെയിൽവേ ഡിവിഷനിൽ നിന്നുമറിയാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | സമാനമായ കേസുകളിൽ സ്വീകരിച്ചതു പോലുള്ള നടപടികൾ പ്രീതമോളുടെ കാര്യത്തിലും സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ